©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 മാർച്ച് 3<br>3rd March 2020<br>1195 കുംഭം 19<br>19th Kumbham 1195<br>1941 ഫാൽഗുനം 13<br>13th Phalguna 1941 | നമ്പർ<br>No. | 9 |

# PART III

# Medical Education Department

ദർഘാസ് പരസ്യം

നമ്പർ എച്ച്1/3959/2019/സ.മെ.കോ.ആ.കൊ.

2020 ഫെബ്രുവരി 15.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിനുള്ളിൽ ഇരുചക്ര വാഹനങ്ങൾ, ത്രീവീലർ, ഫോർവീലർ എന്നിവയുടെ പാർക്കിംഗിനായി നിശ്ചിത ഫോറത്തിൽ മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് അടക്കം ചെയ്യുന്ന കവറിനു മുകളിൽ ദർഘാസ് നമ്പർ എഴുതേണ്ടതും വ്യക്തമായി പൂരിപ്പിച്ച് വെട്ടിത്തിരുത്തലുകൾ ഇല്ലാതെ മെഡിക്കൽ സൂപ്രണ്ട്, സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കൊല്ലം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതുമാണ്. ദർഘാസുകൾ താഴെ ചേർത്തിരിക്കുന്ന തീയതിയിലും സമയത്തും അപ്പോൾ ഹാജരായിട്ടുള്ള ദർഘാസ് സമർപ്പിച്ചവരുടെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. വൈകി കിട്ടുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

ദർഘാസ് സമർപ്പിക്കുവാൻ താൽപര്യമുള്ളവർ മെഡിക്കൽ സൂപ്രണ്ട് ഓഫീസിൽ അപേക്ഷിക്കുന്നപക്ഷം ആവശ്യമായ ദർഘാസ് ഫോറങ്ങൾ താഴെ കൊടുക്കുന്ന പ്രകാരം തുക അടച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ചെക്കുകൾ, പോസ്റ്റേജ് സ്റ്റാമ്പ്, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ദർഘാസ് ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറം വി. പി. പി. ആയി അയയ്ക്കുന്നതല്ല.

ദർഘാസ് നമ്പർ—1/2020.

അടങ്കൽ തുക—₹ 3,65,000.

നിരതദ്രവ്യം—₹ 10,000.

ദർഘാസ് ഫോറത്തിന്റെ വില (നികുതി സഹിതം) :

ഒറിജിനൽ—₹ 1,238 (₹ 1,095+132 ജി.എസ്.റ്റി+11 CESS)

ഡ്യൂപ്ലിക്കേറ്റ്—₹ 619.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—11-3-2020, 3 മണി.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—12-3-2020, 2.30 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—13-3-2020, 3 മണി.

ദർഘാസ് നിരക്ക് പ്രാബല്യത്തിലിരിക്കുന്ന തീയതി—31-3-2021.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് ഈ ആഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ദർഘാസ് നടപടികൾ മുന്നറിയിപ്പില്ലാതെ നീട്ടി വയ്ക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഉള്ള അധികാരം മെഡിക്കൽ സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

ടെണ്ടർ വ്യവസ്ഥകൾ

1. ടെണ്ടർ കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്കാണ്. ടെണ്ടർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ മുന്നറിയിപ്പു കൂടാതെ ടെണ്ടർ റദ്ദാക്കാനുള്ള അധികാരം മെഡിക്കൽ സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
2. ടെണ്ടറിനോടൊപ്പം ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ ₹ 10,000-ന്റെ ഇ. എം. ഡി. സമർപ്പിക്കേണ്ടതാണ്.
3. ടെണ്ടർ ലഭിക്കുന്നയാൾ ദിവസാടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള ടെണ്ടർ തുകയുടെ ¼ മുൻകൂറായി എച്ച്. ഡി. എസ്. കൗണ്ടറിൽ അടക്കേണ്ടതാണ്. ബാക്കി തുക 11 മാസങ്ങളിലായി തുല്യ ഗഡുക്കളായി ഓരോ മാസത്തെയും ആദ്യത്തെ ആഴ്ച എച്ച്. ഡി. എസ്. കൗണ്ടറിൽ അടക്കേണ്ടതാണ്.
4. പാർക്കിംഗ് ഫീസ് ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതാണ്. ആ കാലയളവിൽ ഒരു കാരണവശാലും തുകയിൽ വ്യത്യാസം വരുത്താൻ അനുവദിക്കുന്നതല്ല.
5. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. ടെണ്ടർ ലഭിക്കുന്ന ആൾ ₹ 200-ന്റെ മുദ്ര പത്രത്തിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്.
7. പാർക്കിംഗ് ഏരിയായിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം കരാർ ലഭിക്കുന്ന വ്യക്തിക്കായിരിക്കും.
8. രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ മാത്രമേ പാർക്കിംഗ് ചാർജ് ഈടാക്കാൻ പാടുള്ളൂ.
9. ജീവനക്കാരുടെ വാഹനങ്ങൾക്ക് പാർക്കിംഗ് ചാർജ് ഈടാക്കാൻ പാടുള്ളതല്ല.
10. ജീവനക്കാരോടോ, രോഗികളോടോ, കൂട്ടിരിപ്പുകാരോടോ, അപമര്യാദയായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതാണ്.
11. ഫോർവീലറുകൾക്കും ത്രീവീലറുകൾക്കും എം. ആർ. എൽ.-ന് മുൻവശത്തും അത്യാഹിത വിഭാഗത്തിന് മുൻവശത്തും ഉള്ള പാർക്കിംഗ് സ്ഥലവും ഇരുചക്രവാഹനങ്ങൾക്ക് ഈ രണ്ട് പാർക്കിംഗ് സ്ഥലങ്ങൾക്കും മുൻപിലുള്ള സ്ഥലവും ഉപയോഗിക്കാവുന്നതാണ്.
12. പാർക്കിംഗിന് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് മാത്രമേ പാർക്കിംഗ് ഫീസ് ഈടാക്കാൻ പാടുള്ളൂ. നോ പാർക്കിംഗ് സ്ഥലങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാൻ പാടുള്ളതല്ല. ടി വിവരം സുരക്ഷ ജീവനക്കാരെ അറിയിച്ച് വാഹനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.
13. സുരക്ഷാവിഭാഗത്തിന്റെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
14. വാഹന ഉടമകളോട് മാന്യമായി പെരുമാറേണ്ടതാണ്.
15. വാഹനങ്ങളുടെ ഫീസ് ഈടാക്കുവാൻ നിയോഗിക്കുന്ന വ്യക്തിയുടെ പേര് വിവരം, ഡ്യൂട്ടി സമയം, പോലീസ് ക്ലിയറൻസ്, ഫോട്ടോ, ആധാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സൂപ്രണ്ട് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.
16. പാർക്കിംഗ് ഫീസ് കളക്റ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ളവർ ഡ്യൂട്ടി സമയം കഴിഞ്ഞ് കാമ്പസിൽ നിൽക്കുവാൻ പാടുള്ളതല്ല.

പാർക്കിംഗ് നിരക്ക് സംബന്ധിച്ചുള്ള

വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സമയം | ടൂ വീലർ | ത്രീ വീലർ | ഫോർ വീലർ |
|---|---|---|---|
| ഓരോ 8 മണിക്കൂറിനും | 5 രൂപ | 5 രൂപ | 10 രൂപ |

17. അധിക തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടെണ്ടർ ക്യാൻസൽ ചെയ്യുന്നതും സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതുമാണ്.
18. കരാർ പ്രകാരമുള്ള പാർക്കിംഗ് തുക മുഴുവൻ അടച്ചു തീർത്തില്ലെങ്കിൽ സർക്കാർ നിയമങ്ങൾക്ക് വിധേയമായി ബാക്കി തുക റവന്യൂ റിക്കവറി വഴി ഈടാക്കുന്നതാണ്.
19. പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെയും പാർക്കിംഗ് സമയം കഴിഞ്ഞ് പുറത്തേക്ക് പോകുന്ന വാഹനങ്ങളുടെയും വിവരങ്ങൾ (വാഹന നമ്പർ) ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആവശ്യപ്പെട്ടാൽ ടി രജിസ്റ്റർ ഓഫീസ് അധികാരികൾക്ക് മുമ്പിൽ ഹാജരാക്കേണ്ടതുമാണ്.
20. സീരിയൽ നമ്പർ, പാർക്കിംഗ് ഫീസ്, പാർക്കിംഗ് സമയം, വാഹന നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ കൂപ്പൺ ഉപയോഗിക്കേണ്ടതും അതിന്റെ ഒരു കോപ്പി വാഹന ഉടമയ്ക്ക് നൽകേണ്ടതും ഒരെണ്ണം കരാറുകാരൻ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ആവശ്യപ്പെടുന്നപക്ഷം ആയത് ഓഫീസ് മേധാവിക്ക് മുമ്പിൽ ഹാജരാക്കേണ്ടതാണ്.
21. പാർക്കിംഗ് സ്ഥലങ്ങളിൽ പാർക്കിംഗ് ഏരിയ, പാർക്കിംഗ് നിരക്കുകൾ എന്നിവ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി, കൊല്ലം.

(ഒപ്പ്)
മെഡിക്കൽ സൂപ്രണ്ട്
(ഇൻ-ചാർജ്ജ്).